# ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം.

(ഹാജർ : വി.ആർ.വിനോദ് ,ഐ.എ.എസ്)

സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - പാനൂർ ബ്ലോക്കിലെ ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്.) ശ്രീ.എ.അബ്ദുൾ മുബാറക്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. 1827/2020-ലെ നമ്പർ പരാതിയിന്മേലുള്ള വിധിന്യായം പാലിച്ച് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഉത്തരവ് നം. 9725/എസ്റ്റാ.ബി3/20/സി.ആർ.ഡി. | തീയതി : 08.02.2021 |
|---|---|

പരാമർശം:- 1. ശ്രീ.എ.അബ്ദുൾ മുബാറക്, ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്), പാനൂർ ബ്ലോക്ക്-ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1827/2020 നമ്പർ കേസ്.

2. ഒ.എ. 1827/2020 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02.12.2020-ലെ ഉത്തരവ് .
3. ജോയിന്റ് ബി.ഡി.ഒ.മാരുടെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട 06.08.2020.-ലെ 3826/എസ്റ്റാ.ബി3/20/സിആർഡി നമ്പർ അന്തിമ ക്യൂ ലിസ്റ്റ്.
4. ജി.ഒ(പി)നം. 3/2017/പിഎആർഡി തീയതി 25.02.2017
5. മലപ്പുറം ബ്ലോക്കിലെ ജോയിന്റ് ബി.ഡി.ഒ (ഇജിഎസ്) ശ്രീ. സുചിത്രൻ സമർപ്പിച്ച അപേക്ഷ.
6. ജി.ഒ (ആർ.റ്റി) നം.313/2021/എൽ.എസ്.ജി.ഡി തീയതി 05.02.2021

## ഉത്തരവ്

പാനൂർ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിലെ ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) ആയ ശ്രീ.എ.അബ്ദുൾ മുബാറക് (സീനിയോറിറ്റി നം. 1859), വെള്ളനാട് ബ്ലോക്കിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനുവേണ്ടി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ പരാമർശം (1) പ്രകാരം കേസ് ഫയൽ ചെയ്യുകയും പരാമർശം (2) -ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവ് പ്രകാരം പരാതിക്കാരനായ ശ്രീ. എ.അബ്ദുൾ മുബാറകിന്റെയും മൂന്നാം എതിർകക്ഷിയായ ശ്രീ.സുചിത്രന്റെയും അപേക്ഷ പരിഗണിച്ച് പരാമർശം (4) പ്രകാരമുള്ള പൊതുസ്ഥലമാറ്റ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണർ ഉചിതമായ തീരുമാനം എടുക്കുവാൻ പരാമർശം (6) പ്രകാരം ഉത്തരവായിരിക്കുന്നു.

ശ്രീ. എ.അബ്ദുൾ മുബാറകിന്റെയും ശ്രീ.സുചിത്രന്റെയും അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ബ്ലോക്കിലെ ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) ആയ ശ്രീ.സുചിത്രന് സ്ഥലംമാറ്റം അനുവദിച്ച് വെള്ളനാട് ബ്ലോക്കിൽ ജോയിന്റ് ബി.ഡി.ഒ (ആർ.എച്ച്) തസ്തികയിൽ നിയമിച്ചും പാനൂർ ബ്ലോക്കിലെ ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) ആയ ശ്രീ. എ.അബ്ദുൾ മുബാറകിന് പത്തനംതിട്ട ജില്ലയിൽ നിലവിൽ ഒഴിവുള്ള കോന്നി ബ്ലോക്കിൽ ജോയിന്റ് ബി.ഡി.ഒ (ആർ.എച്ച്) തസ്തികയിൽ നിയമിച്ചും ഉത്തരവാകുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുളള വിധിയുടെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരമുളള സർക്കാർ ഉത്തരവ് ഇതിനാൽ നടപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

<u>സ്വീകർത്താവ്:-</u>

ശ്രീ. എ.അബ്ദുൾ മുബാറക്. ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്), പാനൂർ ബ്ലോക്ക്
(ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, പാനൂർ മുഖേന)

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
2. പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി (ഇ.ആർ.എ) (ആമുഖ കത്ത് സഹിതം).
3. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജ), കണ്ണൂർ, മലപ്പുറം
4. ബ്ലോക്ക് ഡെവലപ്മെന്റ്ഓഫീസർ, പാനൂർ, മലപ്പുറം
5. ശ്രീ.സുചിത്രൻ, ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്), മലപ്പുറം ബ്ലോക്ക്
   (ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, മലപ്പുറം മുഖേന)
6. കരുതൽ ഫയൽ/ഓഫീസ്കോപ്പി.

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

എസ്.വി